**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5265** **12-08-2021 - ൽ മറുപടിയ്ക്ക്**

**കേരള ആട്ടോ മൊബൈൽസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ആട്ടോ മൊബൈൽസിൽ 2010 മുതലുള്ള നാലര കോടി രൂപയുടെ ഇ.പി.എഫ്. കുടിശിക അടച്ച് തീർക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2010 മുതലുള്ള ഇ.പി.എഫ്. കുടിശ്ശികകളിൽ ഏകദേശം 4 കോടിയോളം രൂപ കമ്പനി അടച്ചു കഴിഞ്ഞു. പൊതുമേഖലാ സ്ഥാപന-ങ്ങളുടെ ഇ.പി.എഫ്. കുടിശ്ശികകൾ പോലുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ അതാത് സ്ഥാപനത്തിന്റെ പ്രവർത്തനലാഭത്തിൽ / വരുമാനത്തിൽ നിന്നാണ് അടയ്ക്കേണ്ടത്. കേരള സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ, ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിനും പുതിയ മെഷീനുകൾ വാങ്ങുന്നതിനും പ്രവർത്തന സഹായമായി കഴിഞ്ഞ 5 വർഷ കാലയളവിൽ കേരള ആട്ടോ-മൊബൈൽസ് ലിമിറ്റഡിന് ഏകദേശം 34 കോടിയോളം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | ഇ.പി.എഫ്. കുടിശിക തീർപ്പാക്കുവാൻ കെ.എസ്.ഐ.ഡി.സി. മുഖേന വായ്പ എടുക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | ഇ.പി.എഫ്. കുടിശിക തീർപ്പാക്കുവാൻ കെ.എസ്.ഐ.ഡി.സി. മുഖേന വായ്പ എടുക്കുന്നത് സംബന്ധിച്ച ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ